## അബൂസ്വാലിഹ

# ഇറാനിയൻ ശാസ്ത്രജ്ഞന്റെ വധത്തിനു പിന്നിൽ മൊസാദ്




**ഇറാനിയൻ** ആണവ ശാസ്ത്രജ്ഞൻ ഡോ. മജീദ് ശഹ്‌രിയാരിയുടെ വധത്തിന് പിന്നിൽ ഇസ്രയേലും പാശ്ചാത്യ രാഷ്ട്രങ്ങളുമാണെന്ന് ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദ് ആരോപിച്ചു. "ഈ ഗൂഢാലോചനയിൽ ഒരു ആണവ ശാസ്ത്രജ്ഞനെയാണ് ഇറാന് നഷ്ടപ്പെട്ടത്. ഇത്തരം പ്രവൃത്തികളിലൂടെ ഇറാന്റെ മുന്നോട്ടുള്ള ഗമനത്തെ തടയാൻ അവർക്ക് കഴിയില്ല."

നവംബർ 29-ന് തെഹ്റാനിലെ ശഹീദ് ബഹസ്തി യൂനിവേഴ്സിറ്റിയിലേക്കുള്ള യാത്രാ മധ്യേ ശഹ്‌രിയാരുടെ കാർ ഭീകരർ ആക്രമിക്കുകയായിരുന്നു. അന്നേ ദിവസം മറ്റൊരു ഭീകരാക്രമണത്തിൽ പ്രഫ. ഫർയദൂൻ അബ്ബാസിക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ലേസർ രശ്മികളെക്കുറിച്ചാണ് ഫർയദൂൻ ഗവേഷണം നടത്തുന്നത്.

കൊല്ലപ്പെട്ട ശഹ്‌രിയാരി ഇറാനിലെ പ്രമുഖ ആണവ ശാസ്ത്രജ്ഞരിലൊരാളാണ്. ബഹസ്തി യൂനിവേഴ്സിറ്റിയിൽ അധ്യാപകനായിരുന്നു. ഇറാൻ പ്രതിരോധ വകുപ്പിന് വേണ്ടിയും അദ്ദേഹം ജോലി ചെയ്തിരുന്നു. മോട്ടോർ ബൈക്കിലെത്തിയ രണ്ട് പേർ ശഹ്‌രിയാരി സഞ്ചരിച്ച കാറിന് നേരെ ബോംബെറിഞ്ഞാണ് അദ്ദേഹത്തെ കൊലപ്പെടുത്തിയത്. മൊസാദിന്റെ ഏജന്റുമാരാണ് കൊല നടത്തിയതെന്നാണ് പ്രാഥമിക നിഗമനം. 2010 ജനുവരിയിൽ തെഹ്റാൻ യൂനിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രഫസർ മസ്ഊദ് അലി മുഹമ്മദിയും സമാനമായ ഒരു ബോംബ് സ്ഫോടനത്തിൽ വധിക്കപ്പെട്ടിരുന്നു.

## അമേരിക്കയുടെ മുസ്‌ലിം പൈതൃകം




**ഈ** വിഷയത്തിൽ വിജ്ഞാനപ്രദമായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട് ജെറാൾഡ് ഡെർക്ക്സ് (Muslims in American History- A Forgotten Legacy). മറ്റേത് മത വിഭാഗത്തെയും പോലെ അമേരിക്കയുടെ നിർമാണത്തിൽ മുസ്‌ലിംകൾ വഹിച്ച പങ്കാണ് ഗ്രന്ഥകർത്താവ് അന്വേഷിക്കുന്നത്. ചിലപ്പോഴെങ്കിലും ഇക്കാര്യത്തിൽ അവരുടെ സംഭാവന മറ്റുള്ളവരെ കവച്ചുവെക്കുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. കൊളംബസിന് മുമ്പും മുസ്‌ലിം സഞ്ചാരികൾ അമേരിക്കയിലെത്തിയിരുന്നു. കൊളംബസിന് ഒപ്പവും മുസ്‌ലിംകളുണ്ടായിരുന്നു. ആഫ്രിക്കയിൽ നിന്ന് അടിമകളാക്കപ്പെട്ട് കൊണ്ടുവന്നവരിൽ ഗണ്യമായ ഭാഗവും മുസ്‌ലിംകൾ തന്നെ. പിൽക്കാല കുടിയേറ്റങ്ങൾ ആ സമൂഹത്തെ ബൗദ്ധികമായും പരിപോഷിപ്പിച്ചു. അമേരിക്കൻ സ്വാതന്ത്ര്യ സമര -മനുഷ്യാവകാശ പോരാട്ടങ്ങളിൽ മുൻനിരയിലുണ്ടായിരുന്ന മുസ്‌ലിം നേതാക്കളെ പ്രത്യേകം പരിചയപ്പെടുത്തുന്നുണ്ട്.

ഹാർവാർഡ് യൂനിവേഴ്സിറ്റി പ്രഫസറാണ് ഗ്രന്ഥകാരനായ ജെറാൾഡ് ഡെർക്ക്സ്. The Cross and the Crescent, Abraham Friend of God, Abrahamic Faiths: Judaism, Christianity and Islam തുടങ്ങി നിരവധി കൃതികളുടെ കർത്താവാണ്. ക്രിസ്ത്യൻ പുരോഹിതനായിരുന്ന അദ്ദേഹം പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു.

## രണ്ടാം റൗണ്ടിൽ നിന്ന് ഇഖ്‌വാനും വഫ്ദും പിൻമാറി



**ഈജിപ്ഷ്യൻ** പാർലമെന്റിലേക്ക് നടക്കുന്ന രണ്ടാം ഘട്ട തെരഞ്ഞെടുപ്പിൽ നിന്ന് ഈജിപ്തിലെ ഏറ്റവും വലിയ പ്രതിപക്ഷമായ ഇഖ്‌വാനും ഇടത് ചായ്‌വുള്ള വഫ്ദ് പാർട്ടിയും സ്ഥാനാർഥികളെ പിൻവലിച്ചു. പോലീസ് അതിക്രമങ്ങളും ഗുണ്ടാ വിളയാട്ടവും ഒന്നാം ഘട്ട തെരഞ്ഞെടുപ്പിനെ പ്രക്ഷുബ്ധമാക്കിയിരുന്നു. വ്യാപകമായ തോതിൽ കൃത്രിമങ്ങളും നടന്നു. "ദേശതാൽപര്യത്തിന് വേണ്ടിയാണ് ഞങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുത്തത്; ദേശ താൽപര്യത്തിന് വേണ്ടി അതിൽ നിന്ന് പിൻവാങ്ങുകയും ചെയ്യുന്നു." ഇഖ്‌വാന്റെ ഔദ്യോഗിക വക്താവ് അസാം അൽ ഇർയാൻ പറഞ്ഞു. നിലവിൽ വരാൻ പോകുന്ന വ്യാജ പാർലമെന്റ് പിരിച്ച് വിടണമെന്നാവശ്യപ്പെട്ട് തങ്ങൾ നിയമയുദ്ധം നടത്തുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ഒന്നാം റൗണ്ടിൽ ഏറെക്കുറെ മുഴുവൻ സീറ്റുകളും ഭരണകക്ഷിക്കാണ് ലഭിച്ചിരിക്കുന്നത്. ഫലം പ്രഖ്യാപിച്ച 221 സീറ്റിൽ 209-ഉം അവർക്ക് തന്നെ. മുഖ്യ പ്രതിപക്ഷമായ ഇഖ്‌വാന് ഒരു സീറ്റു പോലുമില്ല. സംഘടന നിരോധിക്കപ്പെട്ടതിനാൽ സ്വതന്ത്രരായാണ് ഇഖ്‌വാൻ സ്ഥാനാർഥികൾ മത്സരിച്ചത്. ഇഖ്‌വാനുമായി ബന്ധമില്ലാത്ത ഏഴു സ്വതന്ത്രർ ജയിച്ചിട്ടുമുണ്ട്. പാർട്ടി പേരിൽ മത്സരിക്കാൻ അനുവാദം ലഭിച്ച നാല് ഈർക്കിൾ പാർട്ടികൾക്കാണ് അവശേഷിക്കുന്ന അഞ്ച് സീറ്റ്.

കൃത്രിമം നടക്കുമെന്ന് ഉറപ്പുള്ളതിനാൽ 15 ശതമാനം പേർ മാത്രമാണ് വോട്ട് ചെയ്യാനെത്തിയതെന്ന് ഈജിപ്ഷ്യൻ മനുഷ്യാവകാശ സംഘടനയുടെ തലവൻ ഹാഫിസ് അബൂസാദ പറഞ്ഞു. തെരഞ്ഞെടുപ്പ് കേവലം പ്രഹസനമാക്കി മാറ്റാൻ ഈജിപ്ഷ്യൻ ഭരണകൂടത്തെ അനുവദിച്ചതിന്റെ പേരിൽ ഒബാമ ഭരണകൂടം രൂക്ഷമായി വിമർശിക്കപ്പെടുകയാണ്. "തെരഞ്ഞെടുപ്പ് ഇതിനേക്കാൾ സുതാര്യമായി നടത്താൻ ബുഷ് ഭരണകൂടം പോലും താൽപര്യമെടുത്തിരുന്നു." അൽ ജസീറ ചാനലിലെ അയ്മൻ മുഹ്‌യിദ്ദീൻ അഭിപ്രായപ്പെട്ടു.

### ഇനി അവർക്കും വിസ വേണ്ട

**ബോസ്നിയ,** അൽബേനിയ എന്നിവിടങ്ങളിൽ നിന്നുള്ളവർക്ക് യൂറോപ്യൻ യൂനിയൻ രാജ്യങ്ങളിൽ കടക്കാൻ ഇനി വിസ വേണ്ട. ഫ്രാൻസ്, ഡെൻമാർക്ക്, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങൾ കടുംപിടുത്തം ഉപേക്ഷിച്ചതോടെയാണ് ബോസ്നിയക്കാർക്കും അൽബേനിയക്കാർക്കും സുഗമ യാത്രക്കുള്ള വഴി തെളിഞ്ഞത്. ബാൾക്കൻ മേഖലയിൽ ഈ രണ്ട് രാജ്യങ്ങൾക്ക് മാത്രമാണ് വിസാ നിയന്ത്രണം ഉണ്ടായിരുന്നത്. 2010 ഡിസംബർ 14 മുതൽ വിസാ നിയന്ത്രണം ഇല്ലാതാവും.

### ജംഇയ്യത്തുൽ ഇസ്‌ലാഹിന് അംഗീകാരം

**കുവൈത്തിലെ** ഏറ്റവും മികച്ച സാമൂഹിക സേവന സംഘമായി ജംഇയ്യത്തുൽ ഇസ്‌ലാഹിനെ തെരഞ്ഞെടുത്തു. കുവൈത്ത് സാമൂഹിക കാര്യ മന്ത്രാലയത്തിന്റെ വകയാണ് ഈ അംഗീകാരം. ഗൾഫ് സഹകരണ കൗൺസിൽ അംഗ രാജ്യങ്ങളിൽ നിന്നുള്ള സാമൂഹിക ക്ഷേമ വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ വെച്ചായിരുന്നു പ്രഖ്യാപനം.

കുവൈത്തിനകത്തും പുറത്തും ധാരാളം സേവന പ്രവർത്തനങ്ങൾ നടത്തുന്ന ഇഖ്‌വാൻ ആഭിമുഖ്യമുള്ള സംഘടനയാണ് ജംഇയ്യത്തുൽ ഇസ്‌ലാഹ്. 1963-ലാണ് ഇത് സ്ഥാപിതമാവുന്നത്. ഇസ്‌ലാഹിന്റെ അനാഥ സംരംക്ഷണ വിഭാഗമായ റഹ്മ സെന്റർ, കാൻസർ രോഗികൾക്കുള്ള സാന്ത്വന ചികിത്സാ പദ്ധതിയായ റിഹ്‌ലത്തുൽ അമൽ തുടങ്ങിയവയാണ് പ്രത്യേക അംഗീകാരത്തിന് സംഘടനയെ അർഹമാക്കിയത്.

### ഇക്കൊല്ലം പൂട്ടിയത് 145 ബാങ്കുകൾ



**അമേരിക്കൻ** സാമ്പത്തിക പ്രതിസന്ധി കൂടുതൽ സങ്കീർണമാവുകയാണെന്ന് സൂചനകൾ. ഈ വർഷം മാത്രം ഇതുവരെ അടച്ചുപൂട്ടിയത് 145 ബാങ്കുകൾ. കഴിഞ്ഞ വർഷമത് 140 ആയിരുന്നു. പക്ഷേ, ഇക്കൊല്ലം പൂട്ടിയ ബാങ്കുകൾ ചെറിയവയാണെന്ന വ്യത്യാസമുണ്ട്. അതിനാൽ ഇൻഷുറൻസ് ബാധ്യതകൾ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ്. കഴിഞ്ഞ വർഷമത് 36 ബില്യൻ ഡോളറായിരുന്നെങ്കിൽ ഈ വർഷം 21 ബില്യൻ ഡോളർ മാത്രം. ■